/5853926/2023

"ഭരണഭാഷ- മാതൃഭാഷ"

Ad. C

**കേരള സർക്കാർ**

നം.പൊവിവ-ഡി2/75/2023-പൊവിവ
പൊതുവിദ്യാഭ്യാസ(ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-08-2023

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - സമഗ്ര ശിക്ഷാ കേരളയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ, ക്ലറിക്കൽ തസ്തികയിലുള്ള ജീവനക്കാർ എന്നിവരുടെ അന്യത്ര സേവനം ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:-
1. കേരള സർവ്വീസ് റൂൾസ് -ഭാഗം | ചട്ടം 140(C).
2. ജി.ഒ (പി) നം.45/2013/ധന. തീയതി 22.01.2013
3. സർക്കുലർ നം.42/2013/ധന തീയതി 10.05.2013.
4. സർക്കുലർ നം. 599/2022/പൊവിവ തീയതി 26.04..2023.

സൂചന 4 സർക്കുലർ പ്രകാരം സമഗ്ര ശിക്ഷാ കേരളയിൽ അന്യത്ര സേവനത്തിൽ പ്രവേശിക്കുന്നവർ അന്യത്ര സേവനത്തിൽ അനുവദനീയമായ കാലയളവ് തീരുന്ന തീയതിക്കു മുൻപ് തന്നെ അന്യത്ര സേവനം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ മേലധികാരിക്ക് സമർപ്പിക്കേണ്ടതും കാലാവധി നീട്ടിയിട്ടുണ്ട് എന്ന് ഉറപ്പ വരുത്തേണ്ടതുമാണ് എന്നും അവരുടെ അന്യത്ര സേവനം ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നിയമാനുസൃതമായ കാലയളവിനുള്ളിൽ സമർപ്പിക്കുന്നതിന് മേലധികാരി നടപടി സ്വീകരിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം നൽകിയതിനു ശേഷവും സമഗ്ര ശിക്ഷാ കേരളയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്നവർ കൃത്യസമയത്ത് അപേക്ഷ സമർപ്പിക്കുകയോ ആയത് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ പുതുതായി ഡെപ്യൂട്ടേഷന് അപേക്ഷ സമർപ്പിക്കുന്നതിനും ഡെപ്യൂട്ടേഷൻ ദീർഘിപ്പിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കുന്നതിനും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. സമഗ്ര ശിക്ഷ കേരളയിൽ അന്യത്ര സേവനത്തിൽ പ്രവേശിക്കുന്നവർ അന്യത്ര സേവനത്തിൽ അനുവദനീയമായ കാലയളവ് തീരുന്ന തീയതിയ്ക്ക് മുൻപ് തന്നെ അന്യത്ര സേവനം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ മേലധികാരിക്ക് സമർപ്പിക്കേണ്ടതും കാലാവധി നീട്ടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അല്ലാതെ തുടരുന്നവർ നിലവിലെ ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി നേരിടേണ്ടിവരും.

2.അനുവദനീയമായ അന്യത്ര സേവന കാലയളവ് പൂർത്തിയാക്കി കഴിഞ്ഞാൽ അന്യത്ര സേവനം തുടർന്നും ദീർഘിപ്പിക്കുന്നതിനുള്ള ഉത്തരവ് ലഭിച്ചതിന് ശേഷം മാത്രമേ തുടർന്നുള്ള കാലയളവിലെ ശമ്പളം മാറിനൽകാൻ പാടുള്ളൂ.ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

3.അന്യത്ര സേവനം ദീർഘിപ്പിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുന്ന ശിപാർശയോടൊപ്പം ബന്ധപ്പെട്ട അധ്യാപകരുടെ/ ഉദ്യോഗസ്ഥരുടെ അപേക്ഷ കൂടി ലഭ്യമാക്കേണ്ടതാണ് .

4.എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് അന്യത്ര സേവനം അനുവദിക്കുന്നതിനോ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിനോ ഉള്ള ശിപാർശ ലഭ്യമാക്കുമ്പോൾ ടി അധ്യാപകർ സംരക്ഷിതാധ്യാപകർ അല്ലെന്ന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് കൂടി ലഭ്യമാക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

ഒ എൻ സക്കീർ ഹുസൈൻ
ജോയിന്റ് സെക്രട്ടറി

Signed by
Sindhu S
Date: 25-08-2023 15:06:53

സെക്ഷൻ ഓഫീസർ.

To

പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസം, ഹയർസെക്കണ്ടറി , വൊക്കേഷണൽ ഹയർസെക്കണ്ടറി ,തിരുവനന്തപുരം

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ , സമഗ്ര ശിക്ഷാ കേരളം ,തിരുവനന്തപുരം

എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർ ,

ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർമാർ (സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ മുഖേന ).

കരുതൽ ഫയൽ /ഓഫീസ് കോപ്പി

പകർപ്പ്. -ബഹു വിദ്യാഭ്യാസ മന്ത്രിയുടെ പി എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ . യ്ക്ക്